## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4049** **27-10-2021 - ൽ മറുപടിയ്ക്ക്**

## തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് സ.ഉ.(കൈ) നം.106/2020/ ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഉത്തരവായിരുന്നു. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവീസിന്റെയും സബോർഡിനേറ്റ് സർവീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ 22.12.2020-ൽ പ്രസിദ്ധീകരിച്ചു. 2021 ഫെബ്രുവരി 15-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സർവ്വീസ് സംഘടനകളുമായി വെർച്വൽ മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും സെക്രട്ടറിമാരുടെ കമ്മിറ്റിയോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയിരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19.07.2010-ലെ 11884/R1/2007/P&ARD നമ്പർ Circular (Simplified procedure for framing Special Rules)പ്രകാരമുള്ള നടപടിക്രമം പാലിച്ച് സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാതല ഓഫീസുകൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കി വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ജീവനക്കാരെ സർക്കാർ ജീവനക്കാരായി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 2019-ലെ കേരള മുനിസിപ്പാലിറ്റി (2019-ലെ 10 -ാം നമ്പർ ആക്ട്) ഭേദഗതി ആക്ട് പ്രകാരം കണ്ടിജൻറ് ജീവനക്കാർ ഒഴികെ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണ്. |
| (സി) | കേരള പി.എസ്.സി. വഴി നിയമനം നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും തസ്തികകൾ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് 2016-നു ശേഷം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണെന്നും കിലയുടേതല്ലാത്ത സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് കിലയ്ക്ക് വിട്ടുകൊടുക്കേണ്ടതാണെന്നും സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഉത്തരവായിരുന്നു. പൊതുസർവീസ് രൂപീകരണം അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ